**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.175 | 26-02-2018 ൽ മറുപടിയ്ക്ക്

## ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഈ മണ്ഡലത്തിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി പനങ്ങാട് പഞ്ചായത്ത് ആവശ്യമായ സ്ഥലവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കിയതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | | **(ബി)&(സി)** ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ മരപ്പാലം തല അംഗനവാടിക്ക് സമീപം പനങ്ങാട് വില്ലേജ് റീ-സർവ്വേ നം.59 ൽ പ്പെട്ട 50 സെന്റ് സ്ഥലം സൗജന്യമായി വിട്ട് നൽകുന്നതിന് പനങ്ങാട് ഗ്രാമ പഞ്ചായത്ത് അധികൃതർ നടപടി സ്വീകരിച്ച് വരുന്നതായി പനങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അറിയിച്ച തനുസരിച്ച് വകുപ്പ് തലത്തിൽ പരിശോധന നടത്തുകയും പ്രസ്തുത സ്ഥലം അനുയോജ്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലം വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി) | ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ വേഗത്തിൽ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ